## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 35 — 10.06.13- ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഫയൽ തീർപ്പാക്കൽ

ചോദ്യം
ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ). | സെക്രട്ടേറിയറ്റിലും വിവിധ ഡയറക്ടറേറ്റുകളിലും ഫയലുകൾ തീർപ്പ് കല്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) & (ബി) | ഫയലുകൾ തീർപ്പു കൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് കാലാകാലങ്ങളിൽ വിവിധ വകുപ്പുകൾ ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയും നിയമപരമായി തടസ്സങ്ങളില്ലാത്ത ഫയലുകൾ തീർപ്പാക്കുകയും ചെയ്യുന്നുണ്ട്. സെക്രട്ടേറിയറ്റിനെ സംബന്ധിച്ച് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി എല്ലാ വകുപ്പ് സെക്രട്ടറിമാരും പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ***100 ദിന പരിപാടി***യിൽ ഉൾപ്പെടുത്തി **"തീവ്ര ഫയൽ തീർപ്പാക്കൽ പദ്ധതി"**യിലൂടെ കെട്ടിക്കിടന്ന ധാരാളം ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ സമഗ്രമായി വിലയിരുത്തി ഫയലുകൾ തീർപ്പാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകൾക്കും നൽകി വരുന്നുണ്ട്. *ഡി.ഡി.എഫ്.എസ് (ഡിജിറ്റൽ ഡോക്യുമെന്റൽ ഫയൽ സിസ്റ്റം), ഇ-ആഫീസ്* എന്നീ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ഫയലുകളും അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്മേലുള്ള പുരോഗതി കൃത്യമായി വിലയിരുത്തുന്നതിന് സംവിധാനം നിലവിലുണ്ടോ ; | | |
| (സി) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ രണ്ട് വർഷത്തിലധികമായി തീർപ്പ് കല്പിക്കാത്ത ഫയലുകളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ? | (സി) | 19,726 ഫയലുകൾ. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു). |

സെക്ഷൻ ആഫീസർ

## ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ രണ്ടു വർഷത്തിലധികമായി തീർപ്പ് കൽപ്പിക്കാനുള്ള ഫയലുകളുടെ വിശദാംശങ്ങൾ

| ക്രമ നം. | വകുപ്പ് | തീർപ്പാക്കാനുള്ള ഫയലുകളുടെ എണ്ണം |
|---|---|---|
| 1. | കൃഷി | 937 |
| 2 | മൃഗസംരക്ഷണ വകുപ്പ് | 189 |
| 3. | പിന്നോക്ക സമുദായ വികസന വകുപ്പ് | 0 |
| 4. | തീരദേശ കപ്പൽഗതാഗത ഉൾനാടൻ ജലഗതാഗത വകുപ്പ് | 18 |
| 5. | സഹകരണ വകുപ്പ് | 269 |
| 6. | സാംസ്ക്കാരിക കാര്യ വകുപ്പ് | 5 |
| 7. | ഇലക്ഷൻ വകുപ്പ് | 4 |
| 8. | പരിസ്ഥിതി വകുപ്പ് | 52 |
| 9. | ധനകാര്യ വകുപ്പ് | 295 |
| 10. | മത്സ്യബന്ധനം | 166 |
| 11. | ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് | 159 |
| 12. | വനം, വന്യജീവി വകുപ്പ് | 332 |
| 13. | പൊതുഭരണ വകുപ്പ് | 292 |
| 14. | പൊതു വിദ്യാഭ്യാസ വകുപ്പ് | 992 |
| 15. | ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് | 834 |
| 16. | ഉന്നത വിദ്യാഭ്യാസ വകുപ്പ് | 2,362 |
| 17. | ആഭ്യന്തര വകുപ്പ് | 1,437 |
| 18. | ഭവന നിർമ്മാണ വകുപ്പ് | 55 |
| 19 | വ്യവസായ വകുപ്പ് | 559 |
| 20 | വിവര പൊതുജന സമ്പർക്ക വകുപ്പ് | 34 |
| 21 | വിവര സാങ്കേതിക വകുപ്പ് | 84 |
| 22 | തൊഴിലും പുനരധിവാസവും വകുപ്പ് | 347 |
| 23 | നിയമ വകുപ്പ് | 119 |
| 24 | തദ്ദേശ സ്വയംഭരണ വകുപ്പ് | 2,914 |
| 25 | പ്രവാസികാര്യ വകുപ്പ് | 196 |
| 26 | പാർലമെന്ററികാര്യ വകുപ്പ് | 276 |
| 27 | ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് | 253 |
| 28 | ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ് | 62 |
| 29 | തുറമുഖ വകുപ്പ് | 35 |
| 30 | ഊർജ്ജ വകുപ്പ് | 485 |
| 31 | പൊതുമരാമത്ത് | 564 |
| 32 | റവന്യൂ വകുപ്പ് | 2,660 |
| 33 | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് | 396 |
| 34 | ശാസ്ത്ര സാങ്കേതിക വകുപ്പ് | 63 |
| 35 | സാമൂഹ്യ നീതി വകുപ്പ് | 213 |
| 36 | കായികവും യുവജനക്ഷേമവും വകുപ്പ് | 86 |
| 37 | സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് | 131 |
| 38 | നികുതി വകുപ്പ് | 575 |
| 39 | വിനോദ സഞ്ചാര വകുപ്പ് | 107 |
| 40 | ഗതാഗത വകുപ്പ് | 256 |
| 41 | വിജിലൻസ് | 197 |
| 42 | ജലവിഭവ വകുപ്പ് | 716 |
| | ആകെ | 19,726 |